കേരള സംഗീത നാടക അക്കാദമി

18 (*408) ശ്രീ. എം. എം. മോനായി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം അക്കാദമി എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്ന് വെളിപ്പെടുത്തുമോ ;

(സി) അന്താരാഷ്ട്ര നാടകോൽസവത്തിൽ എത്ര രാജ്യങ്ങളിൽ നിന്നുള്ള നാടക സംഘങ്ങൾ പങ്കെടുത്തു ;

(ഡി) ഇതിനായി എത്ര ലക്ഷം രൂപ ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) നാടകം, കഥാപ്രസംഗം എന്നിവയുടെ ശില്പശാലകൾ സംഘടിപ്പിക്കാറുണ്ടോ ;

(എഫ്) പ്രസ്തുത രംഗത്ത് യുവകലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) കലാസമിതികളുടെ അംഗീകാര ഫീസ് കുറയ്ക്കുകയും നിബന്ധനകൾ ലഘൂകരിക്കുകയും ചെയ്തതുമൂലം അക്കാദമിയുടെ പ്രവർത്തനങ്ങളുമായി കലാസമിതികളെ കൂടുതൽ അടുപ്പിക്കാൻ കഴിഞ്ഞു. അംഗീകൃത കലാസമിതികളിൽ, തെരഞ്ഞെടുക്കപ്പെട്ട ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കാനും ബി. ടി. എ., എം. ടി. എ. വിദ്യാർത്ഥികൾക്ക് നാടകത്തിന് നൽകി വരുന്ന സ്കോളർഷിപ്പ് ഈ വർഷം മുതൽ സംഗീതത്തിനും നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിക്കു പുറമേ അക്കാദമി ആസ്ഥാനത്ത് വിപുലമായ സുഹൃദ് സമിതി രൂപീകരിച്ചു. മൺമറഞ്ഞ മഹാപ്രതിഭകളെ സ്മരിക്കുന്നതിന് സ്മൃതിവന്ദനം എന്ന പേരിൽ പരിപാടികൾ സ്ഥിരമായി നടത്തിവരുന്നു.

(ബി) പ്രൊഫഷണൽ നാടകമത്സരം, ഈസ്തറ്റിക് ചെയർ, സ്വാതി സംഗീത പുരസ്കാര സമർപ്പണം, സ്വാതി സംഗീതോൽസവം, കഥാപ്രസംഗ ശില്പശാല, പ്രൊഫഷണൽ നാടക പ്രവർത്തകരുടെ കൂട്ടായ്മ, അംജദ് അലിഖാന്റെ സരോദ് കച്ചേരി, ഷട്കാല ഗോവിന്ദമാരാർ സംഗീതോൽസവം, ആഫ്രിക്കൻ തിയേറ്റർ ഫെസ്റ്റിവൽ എന്നീ പരിപാടികൾ അക്കാദമി കഴിഞ്ഞ വർഷം നടത്തി. രോഗബാധിതരായ 68 കലാകാരൻമാർക്ക് 3,90,980 രൂപ ചികിത്സാധനസഹായം അനുവദിച്ചു. കലാഭിരുചിയുള്ള സാമ്പത്തിക ശേഷിയില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

125 കുട്ടികൾക്ക് 1,44,767 രൂപ സ്റ്റൈപ്പന്റും 4 എം. ടി. എ., 12 ബി. ടി. എ. വിദ്യാർത്ഥികൾക്ക് 70,435 രൂപ സ്കോളർഷിപ്പും അനുവദിച്ചു. അക്കാദമിയുടെ മുഖപത്രമായ കേളിമാസികയും സംഗീത സംബന്ധിയായ 'ബൃഹദ്ദേശി' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചു.

(സി&ഡി)

വർഷം	രാജ്യങ്ങളുടെ എണ്ണം	ചെലവായിട്ടുള്ള തുക(രൂപ)
2008	4	77,77,598
2009	3	80,85,811

(ഇ) സംഘടിപ്പിക്കാറുണ്ട്.

(എഫ്) നാടക, കഥാപ്രസംഗ രംഗത്ത് യുവ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിന് ശില്പശാലകൾ സംഘടിപ്പിക്കുന്നുണ്ട്.

സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം

19 (*409) ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് പി.ടി.എ.യുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുന്നത് ;

(സി) പി.ടി.എ.യുടെ മാന്വൽ പുതുക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സ്കൂളുകളിൽ പൊതുചടങ്ങുകൾക്കായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) അദ്ധ്യാപക-രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കിക്കൊണ്ട് 25-6-2007-ൽ സ.ഉ. (കയ്യെഴുത്ത്) നമ്പർ. 126/2007/പൊ.വി.വ. പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly